# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.668</u> <u>11/06/2014-ൽ മറുപടിക്ക്</u>

## <u>സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സമഗ്ര കാൻസർ ചികിത്സാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്ത് അർബുദ ചികിത്സ സർക്കാർ തലത്തിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, അഞ്ച് ഗവ. മെഡിക്കൽ കോളേജുകൾ എന്നീ സ്ഥാപനങ്ങളിലാണ് നടത്തി വരുന്നത്. ആരോഗ്യ വകുപ്പിന് കീഴിൽ എറണാകുളം ജനറൽ ആശുപത്രിയിൽ കാൻസർ ചികിത്സ നടത്തി വരുന്നുണ്ട്. എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ കാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്ന് ജില്ലാ കാൻസർ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കാൻസർ കീമോതെറാപ്പിയിൽ വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരേയും, സ്റ്റാഫ് നഴ്സുമാരേയും ഉൾപ്പെടുത്തിയാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. 12-ഓളം ജില്ലകളിൽ പ്രവർത്തനസജ്ജമായ ഈ സെന്ററുകളിൽ രണ്ടായിരത്തിലേറെ കീമോ തെറാപ്പികൾ ഇതിനോടകം നൽകികഴിഞ്ഞു.<br>കേരളത്തിൽ കൂടുതലായി കണ്ടു വരുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും, ചികിത്സിക്കുന്നതിനും വേണ്ടി സമഗ്ര കാൻസർ രോഗ നിർണ്ണയ ചികിത്സാ പദ്ധതി ആരംഭിക്കു കയുണ്ടായി. പഞ്ചായത്ത് തലത്തിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരേയും സ്റ്റാഫ് നഴ്സുമാരെയും പ്രയോജനപ്പെടുത്തി കാൻസർ നിർണ്ണയം നടത്തുന്നതിനും ചികിത്സ നിർദ്ദേശി ക്കുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററാണ് ഈ പദ്ധതിയ്ക്കുള്ള സാങ്കേതിക സഹായം നൽകുന്നത്. |
| (ബി) | രോഗനിർണ്ണയം കഴിയുന്നത്ര വേഗത്തിൽ നടത്തി സമയത്ത് ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. 'കാൻസറിനെതിരെ കേരളം' എന്ന പേരിൽ 2014 ഫെബ്രുവരി 4-ന് ഈ പദ്ധതി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കുന്നത് ; | (സി) | ആദ്യഘട്ടത്തിൽ കേന്ദ്രാവിഷ്കൃത ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ എൻ.പി.സി.ഡി.എസ്. നിലവിലുള്ള അഞ്ച് ജില്ലകളിൽ ഈ പദ്ധതിയ്ക്കായി പ്രത്യേകം ഡോക്ടർമാരും, നഴ്സമാരും നിലവിലുണ്ടെന്ന പരിഗണനയെ അവലംബിച്ച് ഈ പദ്ധതി നടപ്പിലാക്കുകയുണ്ടായി. പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, കോഴിക്കോട് എന്നീ ജില്ലകളിലാണ് ആദ്യ ഘട്ടം നടപ്പിലാക്കുക. ഇതിനു പുറമേ ആർ.സി.സി.യുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | മറ്റ് ജില്ലകളിൽ ഇത് എന്ന് വ്യാപിപ്പിക്കും എന്ന് വ്യക്തമാക്കാമോ ; | (ഡി) | ആദ്യ ഘട്ട ജില്ലകളിൽ ഈ പരിപാടി നടപ്പിലാക്കിയ ശേഷം മറ്റു ജില്ലകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഏകദേശം 8 മാസം കൊണ്ട് മാത്രമേ ഒരു ഘട്ടം പൂർത്തീകരിക്കുവാൻ സാധ്യമാവുക യുള്ളൂ. ആർ.സി.സി.യുടെ നേരിട്ടുള്ള മേൽനോട്ടം ആവശ്യമായതിനാലാണ് ഇത് ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നത്. |
| (ഇ) | ക്യാൻസർ രോഗികൾക്ക് പെൻഷനും സൗജന്യ ചികിത്സയും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | ആരോഗ്യ വകുപ്പിന് കീഴിൽ കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്ന ഒരു പദ്ധതി നോൺ പ്ലാനിൽ ഉൾപ്പെടുത്തി 2013-14 വർഷത്തിൽ നടപ്പിലാക്കി യിരുന്നു. പ്രതിമാസം 800/- രൂപ കണക്കിൽ ആറുമാസം വരെയുള്ള ധനസഹായം കഴിഞ്ഞ വർഷം നൽകുകയുണ്ടായി. കാൻസർ രോഗബാധിതരുടെ ചികിത്സാ ചിലവ് റീ-ഇംബേഴ്സ് ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും, പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിച്ച് ആരോഗ്യ വകുപ്പ് നടപ്പിലാക്കുകയുണ്ടായി. ഇതിനു പുറമേ എസ്.എം.എ.പി. എന്ന പദ്ധതി വഴിയും ആരോഗ്യ വകുപ്പിൽ നിന്നും കാൻസർ ചികിത്സയ്ക്കുള്ള ധനസഹായം ലഭ്യമാക്കുന്നുണ്ട്. കൂടാതെ കാരുണ്യ, ആർ.എസ്.ബി.വൈ. ചിസ് പ്ലസ്, എന്നീ ഇൻഷ്വറൻസ് പദ്ധതികൾ മുഖേനയും കാൻസർ ചികിത്സയ്ക്കുള്ള സഹായം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ